**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1624** **19-06-2024 - ൽ മറുപടിയ്ക്ക്**

**ചാലക്കുടി ട്രാംവേ റെയിൽ മ്യൂസിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | ചാലക്കുടിയിൽ ട്രാംവേ റെയിൽ മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള കെട്ടിടം റവന്യൂ വകുപ്പിൽ നിന്നും കൈമാറി ലഭിക്കുകയും, മ്യൂസിയം സജ്ജീകരിക്കുന്ന കെട്ടിടത്തിന്റെ അറ്റകുറ്റപ്രവൃത്തികൾ പുരാവസ്തുവകുപ്പ് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ചാലക്കുടിയിൽ ട്രാംവെ മ്യൂസിയം സ്ഥാപിക്കുന്നതിന് തയ്യാറാക്കി സമർപ്പിച്ചിരുന്ന എസ്റ്റിമേറ്റ്, നിലവിൽ INTERACTIVE MUSEUM OF CULTURAL HISTORY OF KERALA എന്ന നോഡൽ ഏജൻസി പുതുക്കി പുരാവസ്തുവകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള കെട്ടിടത്തിന്റെ അറ്റകുറ്റപ്രവൃത്തികൾ പൂർത്തീകരിച്ചോയെന്ന് അറിയിക്കുമോ; | (ബി) | മ്യൂസിയം സജ്ജീകരിക്കേണ്ട കെട്ടിടത്തിന്റെ അറ്റകുറ്റപ്രവൃത്തികൾ പുരാവസ്തുവകുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | ട്രാംവേ റെയിൽ മ്യൂസിയം എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) | ട്രാംവെ റെയിൽ മ്യൂസിയം യാഥാർത്ഥ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ